ഗ്രന്ഥശാലാ തലത്തിൽ ലൈബ്രറികൾക്കുള്ള വാർഷിക ഗ്രാന്റ്, പ്രവർത്തന ഗ്രാന്റ്, പെർഫോർമൻസ് ഗ്രാന്റ്, ലൈബ്രേറിയൻമാർക്കുള്ള അലവൻസ്, കെട്ടിട ഗ്രാന്റ്, ദുരിതാശ്വാസ ഗ്രാന്റ്, പുനരുദ്ധാരണ ഗ്രാന്റ് തുടങ്ങിയവ നൽകുന്നു. ഇതിനുപുറമെ ലൈബ്രറി കൗൺസിൽ വിഭാവന ചെയ്തിട്ടുള്ള വികസന പ്രവർത്തനങ്ങളും ഗ്രന്ഥശാലാ തലത്തിൽ നടന്നുവരുന്നു. സംസ്ഥാനത്തെ ഗ്രന്ഥശാലകളെ കാലഘട്ടത്തിനനുസൃതമായി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ 2 വർഷമായി കൂടുതൽ ഗ്രന്ഥശാലകളെ കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള പദ്ധതി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. വിജ്ഞാന വ്യാപനത്തിന്റെ സാദ്ധ്യതകൾ ഗ്രാമീണ തലത്തിൽ ലഭ്യമാക്കുവാനും ആഗോള വിജ്ഞാന വിനിമയ ശൃംഖലയുടെ ഭാഗമാക്കുവാനും ആയിരം ഗ്രാമീണ ഗ്രന്ഥശാലകളെ ഘട്ടംഘട്ടമായി ഇന്റർനെറ്റ് സൗകര്യത്തോടെ നവീകരിക്കുവാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഫലപ്രദമായ ഉപയോഗത്തിനുതകുന്ന സർക്കാരിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഗ്രാമീണതലത്തിലെ ഇൻഫർമേഷൻ സെന്ററുകളായി ഗ്രന്ഥശാലകളെ മാറ്റുവാൻ കഴിയും. ജനകീയ ജീവിതത്തിന്റെ എല്ലാ മേഖലകളുടെയും മുഖ്യകേന്ദ്രങ്ങളായി ഗ്രന്ഥശാലകൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ വികസന പദ്ധതികൾ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

(ഡി) നിലവിൽ പരിഗണനയിലില്ല.

(ഇ) മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നുണ്ട്.

സമഗ്രദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതി

143 (7112) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. പാലോട് രവി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവ്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം മേഖലകളാണ് ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധിയിൽ വരുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതിക്കുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) തീരദേശ മലയോര ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കായി സമഗ്ര ദുരന്ത ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന്റെ വിവിധ വശങ്ങൾ പരിശോധിച്ചുവരുന്നു.

ദുരന്തനിവാരണ അതോറിറ്റി

144 (7113) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരന്ത നിവാരണ അതോറിറ്റിയുടെകീഴിൽ ദുരന്തനിവാരണ സംവിധാനം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം വകുപ്പുകളാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ദുരന്തനിവാരണ അതോറിറ്റിയുടെകീഴിൽ ശാസ്ത്ര സാങ്കേതിക പഠന സ്ഥാപനമായ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെയും ഐ.എൽ.ഡി.എം.-ന്റെയും സഹകരണത്തോടുകൂടി സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ പ്രകൃതി ദുരന്തങ്ങളെ കുറിച്ചുള്ള സമഗ്രമായ ഗവേഷണ പഠന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനമുള്ള ശാസ്ത്ര വിഭാഗമായ പ്രസ്തുത കേന്ദ്രം 24 മണിക്കൂറും സുസജ്ജമായ നിരീക്ഷണ പരിരക്ഷണ സംവിധാനമാണ് വിഭാവനം ചെയ്യുന്നത്.

(ബി) 24 മണിക്കൂറും പ്രവർത്തനസജ്ജമായ ഒരു കേന്ദ്ര നിരീക്ഷണ സംവിധാനത്തോടുകൂടി വിഭാവനം ചെയ്തിരിക്കുന്ന് സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (എസ്.ഇ.ഒ.സി.) സംസ്ഥാനത്ത് കാണപ്പെടുന്ന വിവിധങ്ങളായിട്ടുള്ള ദുരന്തങ്ങളെ സമഗ്രമായി പഠന വിധേയമാക്കുകയും അവയെ പ്രതിരോധിക്കുന്നതിനും നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതുമാണ്. അതിനുവേണ്ടി സ്വയം നിയന്ത്രിതങ്ങളായ വിവിധ തരത്തിലുള്ള ഉപകരണങ്ങളായ വെതർസ്റ്റേഷൻ ഡിസ്ചാർജ് ഗേജ്,

LIBRARY ARCHIVES Kerala Legislative Assembly